*⇨ നഗരത്തിലെ മാലിന്യങ്ങൾ ഞങ്ങളുടെ മുറ്റത്ത് പാടില്ല എന്ന് ഗ്രാമവാസികൾ ⇨*

# മാലിന്യ നിർമ്മാർജ്ജനം ഒരു ആലപ്പുഴ നിവൃത്തിമാർഗം

ആലപ്പുഴ നഗരത്തിൽ ഇപ്പോൾ പരീക്ഷിക്കപ്പെടുന്നതും ഏറെ ചർച്ചകൾക്ക് വഴി തുറന്നതുമായ മാലിന്യനിർമ്മാർജ്ജന പദ്ധതി കേരളത്തിൽ ഇപ്പോൾ നിലവിലുള്ള ഏത് പദ്ധതിയേക്കാളും മികച്ചതും പ്രായോഗികവും ആണെന്ന്

**പി.എൻ. വേണുഗോപാൽ**

**വൃത്തിയുടെയും** ശുചിത്വത്തിന്റെയും പേരിൽ ഊറ്റം കൊള്ളാറുണ്ടായിരുന്ന കേരളീയർ കഴിഞ്ഞ ഒരു ദശകമായി അതിനുമുതിരാറില്ല എന്നാണ് എന്റെയൊരു തോന്നൽ. അത്രയേറെ മലീമസമായിരിക്കുന്നു കേരളം. മാലിന്യങ്ങളുടെ ഉറവിടങ്ങൾ അന്വേഷിച്ചു പോകയോ, മാലിന്യക്കൂമ്പാരങ്ങളുടെ വാങ്മയ ചിത്രങ്ങൾ കോറിയിടുകയോ, ദുർഗ്ഗന്ധം വമിക്കുന്ന കാനയുടേയോ തോടിന്റേയോ സമീപത്തുകൂടി നടക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന 'അനുഭൂതിയെ' പുനർജ്ജനിപ്പിച്ച് നാം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ബോധവൽക്കിരിക്കേണ്ട ആവശ്യമില്ല പ്രത്യേകിച്ച് കേരളീയം വായനക്കാരെ  എന്ന ബോധ്യം ഉള്ളതുകൊണ്ട് ഈ ചെറുലേഖനത്തിൽ അതിനു മുതിരുന്നതേയില്ല. ഈ അവസ്ഥയിൽനിന്ന് മോചനം നേടുവാൻ എന്തു മാർഗം എന്നതിനുമാത്രമേ പ്രസക്തിയുള്ളൂ.

'സർവോദയപുരം', എത്ര സുന്ദരമായ ഒരു സ്ഥലനാമം! എറണാകുളത്തുനിന്ന് ആലപ്പുഴയ്ക്കു തീവണ്ടിയിൽ പോകുമ്പോൾ കലവൂർ തീവണ്ടിയാപ്പീസിന്റെ പരിസരമാണ് സർവോദയപുരം. വിശാലമായ ഒരു വളപ്പുനിറയെ മാലിന്യക്കുന്നുകൾ. ആലപ്പുഴ നഗരത്തിലെ മാലിന്യങ്ങൾ 1890 കളിൽ കക്കൂസ് മാലിന്യം മറവുചെയ്യാൻ കണ്ടെത്തിയ സ്ഥലം. തൃശ്ശൂരിന് ലാലൂർ പോലെ, തിരുവനന്തപുരത്തിന് വിളപ്പിൽശാല പോലെ കോഴിക്കോടിന് ഞെളിയംപറമ്പുപോലെ ടൺ കണക്കിന് നഗരമാലിന്യങ്ങൾ. ഈ കാഴ്ച കാണാതെ, ആ ഗന്ധം ശ്വസിക്കാതെ അതുവഴി പോവുക അസാധ്യമായിരുന്നു. എന്നാൽ ഏതാണ്ട് ആറുമാസമായി ആ മാലിന്യ കേന്ദ്രം പൂട്ടിയിരിക്കുന്നു. ഒരു കാലത്ത് വിജനമായിരുന്ന സർവോദയപുരം ഒരു നൂറ്റാണ്ടിലൂടെ ജനനിബിഡമായി. നഗരത്തിലെ മാലിന്യങ്ങൾ ഞങ്ങളുടെ മുറ്റത്ത് പാടില്ല എന്ന് ഗ്രാമവാസികൾ. നീണ്ടുനിന്ന സമരം. ആലപ്പുഴ മുനിസിപ്പാലിറ്റിയിലും മാരാരിക്കുളം തെക്കു പഞ്ചായത്തിലും എൽ ഡി എഫ് ഭരണത്തിൽ. ഒരു സമവായം അനിവാര്യമായി. അതേസമയംതന്നെ, ആലപ്പുഴയിൽനിന്നുള്ള മാലിന്യവരവ് നാടകീയമായി കുറഞ്ഞുതുടങ്ങി. ഒരുദിവസം അത് പൂർണമായും നിലച്ചു. സർവോദയപുരം മാലിന്യകേന്ദ്രത്തിന്റെ വാതിലുകൾ പൂട്ടി.

"ഒരുദിവസം 58 ടൺ മാലിന്യമാണ് ഈ നഗരം ഉല്പാദിപ്പിച്ചുകൊണ്ടിരുന്നത്" ജൂനിയർ ഹെൽത്ത് ഓഫീസർ ജയകുമാർ പറയുന്നു. 'ഏതാണ്ട് അതുമുഴു

➩ ഇങ്ങനെയുള്ള അനേകം ബിന്നുകൾ അടങ്ങുന്നതാണ് ഒരു ഏറോബിക് യൂണിറ്റ് ➩



ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ്

വൻ സർവോദയപുരത്തേയ്ക്കാണ് പൊയ്ക്കോണ്ടിരുന്നത്. ഇന്ന് അതുമുഴുവൻ ഞങ്ങൾതന്നെ കൈകാര്യം ചെയ്യുന്നു." ജയകുമാർ ഞങ്ങളെയും കൂട്ടി നടന്നു. ഒരു ഇടറോഡിൽ, കനാൽ തീരത്ത് നിർമ്മിച്ചിട്ടുള്ള ഏറോബിക് കമ്പോസ്റ്റ് യൂണിറ്റിലേയ്ക്കാണ് ഞങ്ങൾ എത്തിയത്. കേരള കാർഷിക സർവകലാശാല രൂപകല്പനചെയ്ത 'തുമ്പൂർമൂഴി'മോഡൽ സംവിധാനമാണ് ഏറോബിക് കമ്പോസ്റ്റിങ്. ആവശ്യത്തിന് വായുസഞ്ചാരമുള്ള ബിന്നുകളിൽ കരിയിലയുടെ ഒരു നിരപ്പിനു മീതേ ജൈവമാലിന്യങ്ങളുടെ ഒരു നിരപ്പ്. ചാണകത്തിൽനിന്ന് കൾച്ചർ ചെയ്തെടുക്കുന്ന 'ഇനോക്കുലം' കരിയിലയിൽ തളിച്ചതിനുശേഷമാണ് മാലിന്യം വിതറുന്നത്. ഒരു ബിന്നിൽ മൂന്നുമാസംകൊണ്ട് രണ്ടുടൺ മാലിന്യം കമ്പോസ്റ്റാക്കിമാറ്റാം. ഇങ്ങനെയുള്ള അനേകം ബിന്നുകൾ അടങ്ങുന്നതാണ് ഒരു ഏറോബിക് യൂണിറ്റ്. ഇങ്ങനെ ലഭിക്കുന്ന കമ്പോസ്റ്റ് മികച്ച ജൈവ വളമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

**നിർമ്മല ഭവനം നിർമ്മല നഗരം**

ആലപ്പുഴ എം.എൽ.ഏയും സി പി എമ്മിന്റെ നേതാവുമായ ഡോ: തോമസ് ഐസക്കാണ് 'നിർമ്മല ഭവനം നിർമ്മല നഗരം പദ്ധതി'യുടെ മസ്തിഷ്കവും ജീവനാഡിയും.

ഓരോ വീട്ടിലെയും ജൈവമാലിന്യങ്ങൾ പൈപ്പ് കമ്പോസ്റ്റിങ് ഉപയോഗിച്ചോ വീട്ടിൽത്തന്നെ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റ് വഴിയോ സംസ്കരിക്കുക. ഇതിനു കഴിയാത്തവർ വേർതിരിച്ച മാലിന്യങ്ങൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകളിൽ എത്തിക്കുക. ഇതോടെ വേർതിരിക്കാത്ത മാലിന്യങ്ങളിൽ മുങ്ങിക്കുളിച്ചിരുന്ന മുനിസിപ്പൽ ശുചിത്വ തൊഴിലാളികൾ ഏറോബിക് ബിന്നുകളുടെ സൂക്ഷിപ്പുകാരായി മാറി. ഇപ്പോൾ 12 ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകളാണ് നഗരത്തിലെ 52 വാർഡുകൾക്കായി ഉള്ളത്. മാലിന്യം വലിച്ചെറിയുന്നത് ശിക്ഷാർഹമാണ് എന്ന നിയമം കടലാസ്സിൽ ഒതുക്കാതെ കർശനമായി നടപ്പിൽവരുത്തുന്നു. ഇതിനായി മൂന്നുപേരടങ്ങുന്ന സ്ക്വാഡ് രാത്രിയിൽ റോന്തുചുറ്റുന്നു. 2000 രൂപമുതൽ 25000 രൂപ വരെ ഫൈൻ ഈടാക്കുന്നു.

'കക്ഷി രാഷ്ട്രീയമോ യൂണിയനിസമോ തടസ്സമാക്കാതെ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ജീവനക്കാരും ഓഫീസർമാരും ഈ പദ്ധതി വിജയിപ്പിക്കുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്,' സമ്പൂർണ ശുചിത്വ വാർഡായി അംഗീകാരം ലഭിച്ച കറുകയിൽ വാർഡിന്റെ കൗൺസിലർ എം ആർ പ്രേം പറയുന്നു. ഏറോബിക് ബിന്നുകൾ തങ്ങളുടെ പരിസരത്തുവേണ്ട എന്നായിരുന്നു പൊതുജനത്തിന്റെയും ചില കൗൺസിലർമാരുടേയും ആദ്യ പ്രതികരണം. അതുകൊണ്ട് നഗരവാസികൾ സ്ഥിരമായി മാലിന്യം തള്ളാറുണ്ടായിരുന്ന ഇടങ്ങളാണ് ഏറോബിക് യൂനിറ്റുകൾക്കായി തെരഞ്ഞെടുത്തത്. ആ ഇടങ്ങളിൽ വന്നിട്ടുള്ള മാറ്റം അത്ഭുതപ്പെടുത്തുന്നതാണ്. ഏറ്റവും വലിയ മാലിന്യക്കൂമ്പാരമായിരുന്ന വഴിച്ചേരിയിലെ ഇടം ഇന്ന് മനസ്സിനു കുളിർമയേകുന്ന ഒരു 'വാട്ട്സാൻ'(വാട്ടർസാനിട്ടറി) പാർക്കാണ്. ചിത്രങ്ങളാൽ അലംകൃതമായ ചുവരുകൾ അവിടെയുള്ള മാലിന്യം നിറഞ്ഞ ബിന്നുകളെ മറച്ചുവയ്ക്കാനുള്ള യാതൊരു ശ്രമവും നടത്തുന്നില്ല. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പല യോഗങ്ങളും ഇവിടെയാണ് നടക്കാറ്. എന്തിന്, അതൊരു 'ടൂറിസ്റ്റ് അട്രാക്ഷൻ' പോലും ആയിട്ടുണ്ട്.

ഹോട്ടലുകൾ, പച്ചക്കറിക്കടകൾ തുടങ്ങിയ വ്യാപാരസ്ഥാപനങ്ങൾ തങ്ങളുടെ മാലിന്യം സ്വയം കൈകാര്യം ചെയ്യുക അല്ലെങ്കിൽ സ്വകാര്യ (അംഗീകൃത) സേവനദാതാക്കൾക്ക് നിശ്ചിത ഫീസ് നൽകി കൈമാറുക എന്നതാണ് ചെയ്തുവരുന്നത്. വേർതിരിച്ചു

വയ്ക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിശ്ചിത കാലയളവുകളിൽ റീസൈക്കിൾ ചെയ്യാനായി കോൺട്രാക്റ്റർമാർക്ക് ഫീസൊന്നും നൽകാതെ കൈമാറുന്നു.

പൈപ്പ് കമ്പോസ്റ്റിങ്ങിനും ബയോഗ്യാസ് പ്ലാന്റുകൾക്കും സാരമായ സബ്സിഡി ലഭ്യമാക്കുന്നു. അതുകൊണ്ട് പൈപ്പ് ക്മ്പോസ്റ്റിങ്ങിന്റെ പൈപ്പിന് 960ന് പകരം 150 രൂപയും ബയോഗ്യാസ് പ്ലാന്റിന് 13500 ന് പകരം 3375 രൂപയുമേ വീട്ടുകാർക്ക് മുടക്കേണ്ടിവരുന്നുള്ളു. അവയ്ക്കു കേടുപാടുകൾ സംഭവിച്ചാൽ പരിഹരിക്കാനായി ഓരോ വാർഡിനും പരിശീലനം സിദ്ധിച്ച രണ്ടോ മൂന്നോ കുടുംബശ്രീ പ്രവർത്തകരെ ഏർപ്പാടുചെയ്തിട്ടുണ്ട്. പുതിയ മാലിന്യ സംസ്കരണ രീതി സ്വീകരിച്ചതിനെ തുടർന്ന് ആലപ്പുഴ നഗരത്തിന് കേരളാ സർക്കാരിന്റെ 2013-14 ലെ 'എനെർജി കൺസെർവേഷൻ അവാർഡ്' ലഭിക്കുകയുണ്ടായി. താഴെപ്പറയുന്നവയായിരുന്നു അതിന്റെ മാനദണ്ഡങ്ങളിൽ ചിലത്. മാലിന്യം സർവോദയപുരത്ത് എത്തിക്കാനായി ചിലവഴിച്ചിരുന്ന ഡീസൽ വില ലാഭിച്ചത് 70,27,762 രൂപ. 1164 ബയോഗ്യാസ് പ്ലാന്റുകളിലൂടെ ഉല്പാദിപ്പിക്കപ്പെട്ട പാചകവാതകം 4992 എൽ പി ജി സിലൻഡറുകൾക്കു തുല്യം, ഏതാണ്ട് 70 ലക്ഷം രൂപ. കമ്പോസ്റ്റിൽനിന്ന് ഉല്പാദിപ്പിക്കപ്പെട്ട വളം 225 ടൺ. ഉദ്ദേശം 34 ലക്ഷം രൂപ. ഇവയേക്കാളൊക്കെയും എടുത്തുപറയേണ്ടത് മുനിസിപ്പാലിറ്റിയിലെ ശുചിത്വ തൊഴിലാളികളുടെ മാലിന്യത്തിൽനിന്നുള്ള മോചനമാണ്. 'വീണ്ടും ഒരു മനുഷ്യനായതു പോലെ,' പേരു വെളിപ്പെടുത്താൻ താല്പര്യമില്ലാത്ത ഒരു തൊഴിലാളി പറഞ്ഞു.

ഏതാണ്ട് എല്ലാ സ്കൂളുകളിലും 'വാട്ട്സാൻ ക്ലബ്ബുകൾ' രൂപീകരിച്ചിട്ടുണ്ട്. ശുചിത്വ മാലിന്യമുക്ത ജീവിതത്തെപ്പറ്റി അവബോധമുണ്ടാക്കുന്നതിനൊപ്പം അവരെയും 'നിർമല ഭവനം നിർമല നഗരം' പരിപാടിയിൽ ഭാഗഭാക്കുകളാക്കുന്നു. കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന ഒരു കിലോ പ്ലാസ്റ്റിക്കിന് ഇരുപതുരൂപയുടെ ഒരു കൂപ്പൺ നൽകുന്നു. ആ കൂപ്പണുകൾകൊണ്ട് നഗരത്തിലെ നിശ്ചിത പുസ്തകശാലകളിൽനിന്ന് അവർക്ക് പുസ്തകങ്ങൾ വാങ്ങാം. 'പ്ലാസ്റ്റിക്കിനുപകരം പുസ്തകം.' എന്നാൽ ഇതിന്റെയൊക്കെയർത്ഥം ആലപ്പുഴ ഒരു നിർമ്മല നഗരമായെന്നോ, ആലപ്പുഴയിലെ എല്ലാ ഭവനങ്ങളും നിർമ്മലഭവനങ്ങൾ ആയെന്നോ അല്ല. ഇതിന്റെ നടത്തിപ്പുകാർ പോലും അങ്ങനെ അവകാശപ്പെടുന്നുമില്ല. പക്ഷേ, കേരളത്തിൽ ഇതിനകം പരീക്ഷിച്ചുകഴിഞ്ഞ പലേ മാലിന്യനിർമ്മാർജ്ജന പദ്ധതികളേക്കാളും മികച്ചതും ദിശാബോധമുള്ളതും പ്രായോഗികവും ആയത് ആലപ്പുഴ മാർഗം തന്നെ എന്ന് ഉറപ്പിച്ചു പറയാൻ കഴിയും.

ആലപ്പുഴ ഒരു ചെറിയ പട്ടണം. ഇവിടെ ഇതു സാധ്യമായേക്കാം, കേവലം 58 ടൺ മാലിന്യമല്ലേ ഒരു ദിവസം ഉല്പാദിപ്പിക്കുന്നുള്ളൂ? എന്നാൽ വലിയ പട്ടണങ്ങളിൽ എന്താവും സ്ഥിതി? ഈ ചോദ്യം ഞാൻ ഉന്നയിച്ചത് നിർമലഭവനം നിർമല നഗരം പദ്ധതിയുടെ തുടക്കം മുതലേ തോമസ് ഐസക്കിനോടൊപ്പമുള്ള, ഏറോബിക് യൂണിറ്റുകളുടെ രൂപകല്പനയിലും മറ്റുപ്രവർത്തനങ്ങളിലും കാര്യമായ പങ്കുവഹിക്കുന്ന എൻജിനീയർ ജോർജ് കെ ജോണിനോടാണ്. മാലിന്യമുക്ത ജീവനത്തിൽ താല്പര്യമുള്ള പൗരസമൂഹവും ആത്മാർത്ഥതയുള്ള ഉദ്യോസ്ഥവൃന്ദവും ലക്ഷ്യബോധമുള്ള രാഷ്ട്രീയ നേതൃത്വവും ഉണ്ടെങ്കിൽ ഏതു വൻ നഗരത്തിലും ഈ മാലിന്യ നിർമ്മാർജന പദ്ധതി സുസ്ഥിരതയോടെ നടപ്പാക്കാൻ കഴിയുമെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

എന്തായാലും കഴിഞ്ഞ നവംബർ ഒന്നുമുതൽ സി പി എമ്മിന്റെ ആഭിമുഖ്യത്തിൽ ഈ മാലിന്യനിർമാർജന പദ്ധതി തിരുവനന്തപുരം കോർപ്പറേഷനിലും ആരംഭിച്ചിരിക്കുന്നു. ആലപ്പുഴയേക്കാൾ എത്രയോ വലുതായ തലസ്ഥാനനഗരി 'നിർമ്മലഭവനം നിർമ്മലനഗരം' പദ്ധതിയ്ക്ക് ഒരു 'ടെസ്റ്റ്കേസ്' ആവും.. അവിടെ വിജയം വരിച്ചാൽ സംശയാലുക്കളുടെ നാവടങ്ങും എന്നതിൽ തർക്കമില്ല. വിളപ്പിൽശാലയും ഞെളിയംപറമ്പും ബ്രഹ്മപുരവും ലാലൂരും ഇന്നത്തേതിൽ നിന്ന് വ്യത്യസ്ഥമായി ഏറെ സ്വച്ഛതയാർന്ന മറ്റെന്തെങ്കിലും പ്രതിഭാസത്തിന്റെ പേരിൽ പ്രശസ്തിയാർജിക്കാൻ ഇതു വഴിയൊരുക്കട്ടെ. ■

**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം :10,000 രൂപ.
ആജീവനാന്ത വരിസംഖ്യ വിദേശത്തേക്ക് : 8000 രൂപ.
ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ,
സംഭാവന,പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487 2421385, 9446586943